(ബി) എങ്കിൽ ഈ വർഷംതന്നെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വടക്കാഞ്ചേരിയിലെ 66 കെ. വി. സബ് സ്റ്റേഷന്റെ ശേഷി 110 കെ. വി. ആയി വർദ്ധിപ്പിക്കാൻ 19-11-2004-ൽ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അഞ്ചൽ സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

49 [367] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചൽ 66 കെ. വി. സബ് സ്റ്റേഷൻ അനുവദിച്ചത് എന്നാണ്;

(ബി) ഈ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ചലിൽ ഒരു 33 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കാൻ 6-10-1998-ൽ അനുമതി നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത സബ് സ്റ്റേഷനുപകരം ഒരു 66 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ പരിഗണനയിലാണ്.

(ബി) സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്തിട്ടില്ലാത്തതിനാലാണ് നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ താമസം നേരിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ മീൻവല്ലം ജലവൈദ്യുതി പദ്ധതിക്ക് വായ്പ

50 [368] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മീൻവല്ലം ജലവൈദ്യുതി പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പദ്ധതി നിർമ്മാണത്തിന് ആവശ്യമായ വായ്പ നൽകാൻ ദൽഹി ആസ്ഥാനമായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ തയ്യാറാണെന്നകാര്യം ജില്ലാ പഞ്ചായത്ത് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(സി) വായ്പ വാങ്ങാൻ സർക്കാർ ഗ്യാരണ്ടി നിൽക്കണമെന്ന റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വെളിപ്പെടുത്താമോ; ഇക്കാര്യത്തിൽ സർക്കാർ നയമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതി 'ടേൺ കീ' വ്യവസ്ഥയിൽ നിർമ്മിക്കുന്നതിന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിനെ (SILK) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അറിയിച്ചിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ വകുപ്പ് ഇക്കാര്യം പരിശോധിച്ചുവരികയാണ്.

നാദാപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച മിനി ജലവൈദ്യുത പദ്ധതികൾ

51 [369] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly